# സെന്റ് റാഫേൽസ് ഹയർസെക്കന്ററി സ്കൂൾ

## എഴുപുന്ന

# വർണ്ണം

ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ

| Sl.No | Content | Type | P.No. |
|---|---|---|---|
| 1 | സന്ദേശം | | 3 |
| 2 | പൂമ്പാറ്റ | കവിത | 4 |
| 3 | അത്ഭുത പശു | കഥ | 5 |
| 4 | ഇടവഴി | കവിത | 6 |
| 5 | കൃഷിയുടെ പ്രാധാന്യം | ലേഖനം | 7 |
| 6 | തെന്നൽ | കവിത | 8 |
| 7 | സാമൂഹ്യ പുരോഗതിയിൽ കുട്ടികളുടെ പങ്ക് | ലേഖനം | 9 |
| 8 | തേനീച്ചയും മാടപ്രാവും | കഥ | 10 |
| 9 | ചിത്രം | ചിത്രകല | 11 |
| 10 | സ്വർഗ്ഗം ഭൂമിയിലാണ് | കഥ | 12 |
| 11 | കാർമേഘം | കവിത | 13 |
| 12 | ചിത്രം | ചിത്രകല | 14 |
| 13 | യാത്ര | കവിത | 15 |

സെന്റ് റാഫേൽസ് ഹൈസ്കൂൾ എഴുപുന്ന
2023 - 2024 അധ്യയനവർഷത്തിൽ "വർണ്ണം"
എന്ന ഒരു E-മാഗസിൻ തയ്യാറാക്കുന്നു. കുട്ടികളുടെ
സർഗാത്മകതയും, ഭാവനയും, ചിന്താശേഷിയും
വർധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള ഇത്തരം
ക്രിയാത്മകമായ പ്രവർത്തനങ്ങളെ നമുക്ക്
പ്രോത്സാഹിപ്പിക്കാം. കുരുന്ന് ഹൃദയത്തിൽ
ഉയർന്നുവന്നിരിക്കുന്ന ഈ സാഹിത്യ രചനകൾ
നമുക്ക് ആസ്വദിക്കാം. ചെറിയ
പ്രോത്സാഹനങ്ങളാണ് അവരെ ജീവിതത്തിന്റെ
ഉന്നതിയിലേക്ക് നയിക്കുന്നത്. ഏവർക്കും ഇത്
ഹൃദ്യമായ ഒരു അനുഭവമാവട്ടെ എന്ന
ആശംസയോടെ

സ്നേഹപൂർവ്വം

ലിറ്റിൽ കൈറ്റ് മാസ്റ്റർ വിമൽ വർഗീസ്സ് എ

ലിറ്റിൽ കൈറ്റ് മിസ്ട്രസ് സിസ്റ്റർ സുമ തോമസ്

# പൂമ്പാറ്റ

വഴിതെറ്റി വന്നൊരാ കൊച്ചു പൂമ്പാറ്റ
ഇതളറ്റ പൂവിലേക്കാദ്യം നോക്കി!.
ചിറകുകൾ മെല്ലെയൊതുക്കിയാ പൂമ്പാറ്റ കനിവോടെ പൂവിനെയൊന്നു
നോക്കി.!.
" എവിടെ നിൻ ലോലമാം ഇതളുകൾ.? അവനിയിൽ എങ്ങുമെ
കണ്ടതില്ല!...!!"
ഒരു കാട്ടുപൂവല്ലേ ഞാൻ...
ഒരു കാട്ടുപൂവല്ലേ ഞാൻ!!!.
ഈ വഴിയോരമല്ലേയെൻ മലർവാടി!.
ചൊടി മുതൽ മുടിവരെ കരിയും പുകയുമാണെൻ ചെടിയിലെ ഇലയും
കരിഞ്ഞുപോയി.
വളരെ പണിപെട്ടെൻ ഇതളുകൾ വിടരവേ മുഴുഭാണ്ടകെട്ട് തലയ്ക്ക് വീണു.!.
അഴുകുന്ന ദുർഗന്ധം, മലിനമെത്ര
വീർത്തു വിഴുങ്ങിയ പ്ലാസ്റ്റിക്കുകൾ!.
എന്നുടെ കൊച്ചു ദളങ്ങൾ തൻ പരിമളം ദുർഗന്ധപ്രളയത്തിൽ ഒലിച്ചു
പോയി.!.
ഒരു വിധം പൊങ്ങി ഞാൻ നോക്കിയപ്പോൾ ഒരു കൊച്ചു പുഴു ഇലയൊന്നുമേ
കിട്ടിടാതെ ഗതിയറ്റ്  നിലതെറ്റി വീണിടുന്നു.!.
ഇലയില്ലയെങ്കിലെൻ ഇതളില്ലേ പുഴുവെ...
ഇതളുകൾ ഞാനതിന് നൽകി.!.
വർണ്ണ ചിറകുകൾ വെച്ച് നീ പാറി പറന്നപ്പോൾ പുഴുവെന്ന ജന്മം മറന്നു
പോയോ..!!!.?.
ഞാനൊരു കാട്ട് പൂവായി പോയ കൊണ്ടോ...?
മിഴികൾ നിറഞ്ഞുടൻ കൊച്ചുപൂമ്പാറ്റ ഇതളറ്റ വിദളത്തിൽ പതിയിരുന്നു.
വർണ്ണ ചിറകുകൾ വിടർത്തിയപ്പോൾ
പുതിയൊരു പൂവിന്റെ ജന്മമായി.

അൽവീന കുഞ്ഞുമോൻ
9B

# അത്ഭുത പശു

പണ്ട് ഒരു ഗ്രാമത്തിൽ മാല എന്ന് പറയുന്ന ഒരു വൃദ്ധ താമസിച്ചിരുന്നു. അവർക്ക് ഒരു പശു ഉണ്ടായിരുന്നു. പശുവിൽ നിന്ന് കിട്ടുന്ന പാൽ വിൽക്കുന്ന പണംകൊണ്ടാണ് അവൾ ജീവിച്ചിരുന്നത്. അങ്ങനെ കാലങ്ങൾ കടന്നുപോയി.  ഒരു ദിവസം അവരുടെ പശു ചത്തുപോയി. അവർ ഒരുപാട് വിഷമിച്ചു. പിന്നെ അവരുടെ അയൽവാസി മീനയുടെ വീട്ടിലും ഒരു പശു ഉണ്ടായിരുന്നു ആ പശുവിന്റെ ചാണകം ഉരുട്ടി ഉണക്കി ഉരുളകളാക്കി വിൽക്കുമായിരുന്നു. അയൽക്കാരി മീന വളരെ അത്യാഗ്രഹി ആയിരുന്നു. എന്തിനാണ് എന്റെ പശുവിന്റെ ചാണകം ഉപയോഗിച്ച് പണം ഉണ്ടാക്കി ജീവിക്കുന്നതെന്ന് മീന മാലയോട് ദേഷ്യത്തോടെ പറഞ്ഞു. അങ്ങനെ മാല വിഷമിച്ച് നടന്ന് ഒരു കാട്ടിൽ എത്തി. അങ്ങനെ ഇരുന്നപ്പോൾ ഒരു പശുവിനെ മാലയ്ക്ക് കിട്ടി. പശുവിന്റെ കയ്യിൽ നിന്നും പാൽ അധികം ലഭിച്ചിരുന്നില്ല. അങ്ങനെ ഒരു ദിവസം ഒരു സന്യാസി മാലയുടെ വീട്ടിലെത്തി. അദ്ദേഹത്തിന് നല്ല വിശപ്പുണ്ടായിരുന്നു. മാലക്ക് കഴിയ്ക്കാൻ  വച്ചിരുന്ന ആഹാരമാണ് തനിക്ക് നൽകുന്നതെന്ന് മനസ്സിലായി. അങ്ങനെ സന്യാസി ഭക്ഷണം കഴിച്ചു കഴിഞ്ഞ് എഴുന്നേറ്റ് അദ്ദേഹം പശുവിനെ തടവി. അങ്ങനെ പശു കുറെ നാൾ കഴിഞ്ഞതിനുശേഷം അവർക്ക് ആവശ്യത്തിലേറെ പാൽ നൽകാൻ തുടങ്ങി. അവൾ അങ്ങനെ സുഖമായി ജീവിച്ചു.

അമിത എ
10E

# ഇടവഴി

പഴയൊരിടവഴി പിന്നെയും പോയി ഞാൻ

തൊടിയിലേക്കിപ്പോഴും നീളുന്നു
മൂകമായ്.

എത്രസന്ധ്യകൾ  നിലാവിന്റെ
നിഴലുകൾ മേഞ്ഞ എത്ര രാവുകൾ

ചുവടുകൾ വീണതാണീ പൂഴിമൺ
പാതയിൽ...!

പലസ്വകാര്യങ്ങൾ,നേർത്ത നിശ്വാസങ്ങൾ
അങ്ങനെയെത്ര കിനാവുകൾ
നെഞ്ചിലേറ്റി.

പായലു മൂടിയ പഴയൊരാചുവരുകൾ
ഇപ്പോളും ഏതോ കാലൊച്ചക്കായി
കാതോർക്കുന്നുവോ..?

പിന്നെയും പൂക്കുമീ ചില്ലകൾ
വെറുതെ കൊഴിച്ചുവോ പൂക്കൾ..!

അജയ് ആർ
9A

# കൃഷിയുടെ പ്രാധാന്യം

ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് കൃഷി. ജനസംഖ്യയുടെ പാതിയിലേറെ വരുന്ന ആളുകളുടെ മുഖ്യ വരുമാനമാർഗ്ഗം ഇന്നും കൃഷി തന്നെയാണ്. ഇന്ത്യയിലെ ഒരു പരമ്പരാഗത കർഷകനെ സംബന്ധിച്ചിടത്തോളം കൃഷി എന്നത് ഒരു തൊഴിൽ മാത്രമല്ല മറിച്ച് ജീവിതശൈലിയും സംസ്കാരവും കൂടിയാണ്. എന്നാൽ ഇന്നത്തെ കാലത്ത് കൃഷിയുടെ പ്രാധാന്യം കുറഞ്ഞ വരികയാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് അനുപാതികമായി ഭക്ഷണം ഉത്പാദിപ്പിക്കാൻ സാധ്യമാകാത്ത വിധത്തിലുള്ള പ്രതിസന്ധിയിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുകയാണ്. രാജ്യം ഭക്ഷ്യസുരക്ഷ കൈവരിക്കേണ്ടിയിരിക്കുന്നു. ഓരോ പൗരനും പോഷകഗുണമുള്ള നല്ല ഭക്ഷണം ഉറപ്പാക്കണം. കൃഷിയിലേക്ക് പുതിയ തലമുറ ഇറങ്ങുകയാണ് ഈ സാഹചര്യത്തിൽ ചെയ്യേണ്ടത്. ഒരു പുതിയ പരിഹാരം രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ്. കർഷകർക്ക് സാമ്പത്തിക സഹായവും പിന്തുണയും നൽകി ഇന്ത്യയുടെ പഴയ കാർഷിക സമ്പ്രദായം തിരിച്ചുപിടിക്കണം. കാർഷിക മേഖലയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമായിരിക്കണം. കർഷകരെ ആദരിക്കാനും നാം പഠിക്കണം. കൃഷി എന്നും നമ്മോടൊപ്പം ഉണ്ടായിരിക്കണം. നാളേക്ക് വേണ്ടി കരുതുകയും വേണം. നാം സമ്പത്ത് മാത്രമല്ല തലമുറകൾക്ക് കൈമാറേണ്ടത്, നമ്മുടെ സംസ്കാരവും കൂടിയാണ്. അതിൽ പ്രധാനപ്പെട്ടതാണ് കാർഷികസംസ്കാരം.

എൽസ റേച്ചൽ വി ജെ
10 A

# തെന്നൽ

കണ്ണാൽ കണ്ടുകൊണ്ടും
നോക്കാൻ കൊതിച്ചുകൊണ്ടും
ആയിരം ഇതളുകളെ
മെല്ലെ തഴുകി പുണരുന്ന
ഈറൻ കാറ്റേ..
നിന്നിലലിയാൻ കൊതിക്കുന്നു
എന്നുള്ളം..
നിന്നിൽ അമരാൻ കൊതിക്കുന്നു..
മെല്ലെ ഞാൻ തൊട്ടോട്ടെ
ഒന്ന് തൊട്ടോട്ടെ ഞാൻ..

ശ്യാം കെ എസ്
9D

# സാമൂഹ്യ പുരോഗതിയിൽ കുട്ടികളുടെ പങ്ക്

പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നമ്മുടെ സമൂഹം വളർന്നുകൊണ്ടിരിക്കുന്നു എന്ന് നാം കേട്ടുകൊണ്ടിരിക്കുകയാണ്. സാമൂഹിക വികസനത്തിന്റെ വളർച്ചയും നിലനിൽപ്പും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ മാനസിക ശാരീരിക സാംസ്കാരിക വളർച്ച ഏത് തരത്തിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ സമൂഹമേത് തരത്തിലായിരിക്കണം എന്ന് തീരുമാനിക്കുന്നത് ഇന്നത്തെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം ആണെന്ന് തീർച്ചയായും പറയേണ്ടിവരും. വളരാനും പഠിക്കാനും പ്രവർത്തിക്കാനും അവരെ പ്രാപ്തരാക്കുകയാണ് സാമൂഹിക പുരോഗതി നിലനിർത്തണമെങ്കിൽ അനിവാര്യമായി ചെയ്യേണ്ടത്.

സമൂഹത്തിൻറെ അറിവിൽ വിസ്ഫോടനം അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ലോകമാണ് ഇന്നത്തേത് . ഭാരതത്തിൻറെ ഭാവി തീരുമാനിക്കുന്നത് ക്ലാസ് മുറികളിൽ ആണെന്നാണ് കോത്താരി വിദ്യാഭ്യാസ കമ്മീഷൻ അനുമാനിക്കുന്നത്. ഏത് തരത്തിലുള്ള സമൂഹത്തെയാണ് വാർത്തെടുക്കേണ്ടതെന്ന അവബോധം കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്.

വ്യക്തികൾ ചേർന്നാണ് സമൂഹം രൂപം കൊള്ളുന്നത്. വ്യക്തികൾ നന്നായാൽ കുടുംബം നന്നായി. കുടുംബങ്ങൾ നന്നായാൽ സമൂഹം നന്നാകും എന്നാണല്ലോ. ഭാരതത്തിലെ പൗരന്മാരുടെ കരങ്ങളിൽ ആണല്ലോ ഇന്ത്യയുടെ ഭാവി' ഇന്നത്തെ വിദ്യാർത്ഥികൾ ആണ് നാളത്തെ പൗരന്മാർ .

സമൂഹത്തിന്റെ ഭാവി മാതാപിതാക്കളുടെ കരങ്ങളിലാണ് . സമൂഹം നേരിടുന്ന വെല്ലുവിളികൾ നേരിടാൻ കുരുന്നു തലമുറയെ പ്രാപ്തരാക്കേണ്ടതുണ്ട് . ഇന്നത്തെ സമൂഹം നേരിടുന്ന പാരിസ്ഥിതിക സാംസ്കാരിക പ്രശ്നങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകേണ്ടതുണ്ട്. കുട്ടികളിലെ സാമൂഹിക അവബോധം ഉണർത്തിയെടുത്ത് നല്ലൊരു നാളേയുടെ വരവിനായി നമുക്ക് കാത്തിരിക്കാം. സാമൂഹിക പ്രതിബദ്ധതയുള്ള നല്ലൊരു തലമുറയുടെ ഉദയത്തിനായി പ്രയത്നിക്കാം.

ലയോള കെ ബി<br>10E

# തേനീച്ചയും മാടപ്രാവും

ഒരിക്കൽ ഒരു വനത്തിൽ സുഹൃത്തുക്കൾ ആയി ഒരു തേനീച്ചയും മാടപ്രാവുമുണ്ടായിരുന്നു. ഒരു ദിവസം അവർ വനത്തിൽ പറന്നു നടക്കുകയായിരുന്നു. പെട്ടെന്ന് പ്രാവ് ഒരു വേടൻ്റെ വലയിൽപ്പെട്ടു. പ്രാവ് ഉറക്കെ കരയാൻ തുടങ്ങി. വേടൻ പ്രാവിനെ പിടിച്ചുകൊണ്ട് വീട്ടിലേക്ക് നടന്നു. പിന്നാലെ ആ തേനീച്ചയും ഉണ്ടായിരുന്നു. ഒരു ദിവസം പകൽ വേട്ടക്കാരൻ വീട്ടിൽനിന്ന് കാട്ടിലേക്ക് ഇറങ്ങിയ സമയം പ്രാവിനെ രക്ഷിക്കാൻ ശ്രമിച്ചു. പക്ഷെ തേനീച്ച ചെറുതായിരുന്നതിനാൽ സാധിച്ചില്ല. എന്നാൽ പ്രാവിനെ രക്ഷിക്കാൻ മലമുകളിലുള്ള മാടപ്രാവിന്റെ സുഹൃത്തിനോട് സഹായിക്കണമെന്ന് പറഞ്ഞു. എന്നാൽ സാധിച്ചില്ല. ഒരു ദിവസം രാത്രി തേനീച്ച പ്രാവിനെ കാണാൻ വന്നപ്പോൾ വേട്ടക്കാരൻ സുഖമില്ലാത്ത മകനെ കളിക്കാൻ കൊടുത്തതായിരുന്നു ആ പ്രാവിനെ . പക്ഷേ സുഖമില്ലാത്തതിനാൽ അവന് അതിനോടൊപ്പം കളിക്കാൻ സാധിച്ചില്ല. വേട്ടക്കാരന്റെ ജീവന്റെ ജീവനായ മകൻ ഒടുവിൽ പ്രാണൻ വെടിയുന്ന അവസ്ഥ വന്നപ്പോൾ വേട്ടക്കാരൻ വിതുമ്പി കരയാൻ തുടങ്ങി. ഒരു ദിവസം പകൽ വനത്തിൽ വന്ന വേട്ടക്കാരനോട് തേനീച്ച പറഞ്ഞു നിന്റെ മകനെ രക്ഷിക്കാനുള്ള മരുന്ന് മലമുകളിൽ നിന്ന് ഞാൻ കൊണ്ടുവരാം. ഇത് കേട്ട വേട്ടക്കാരൻ സന്തോഷത്തിലായി. പ്രാവിനെ മോചിപ്പിച്ച പ്രാവും തേനീച്ചയും ചേർന്ന് മലമുകളിൽ നിന്ന് മരുന്നു കൊണ്ടുവന്നു കൊടുത്തു. വേട്ടക്കാരന്റെ മകനെ രക്ഷിച്ചു. നന്ദി പറഞ്ഞ വേട്ടക്കാരൻ പ്രാവിനെയും തേനീച്ചയെയും കാട്ടിലേക്ക് അയച്ചു.

അതുൽ കൃഷ്ണ റ്റി ആർ
9C


Nika Yadhavi
Std 9

# സ്വർഗ്ഗം ഭൂമിയിലാണ്

അച്ഛൻ തന്റെ മകനോട് ഒരു ചോദ്യം ചോദിച്ചു. "മരണശേഷമുള്ള ജീവിതത്തിൽ നീ വിശ്വസിക്കുന്നുണ്ടോ" ? മകൻ ആകാശങ്ങളുടെ മറവിൽ എവിടെയോ ഉള്ള സ്വർഗ്ഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും വാചാലനായി. ഇത് കണ്ട് അച്ഛൻ ഉടൻതന്നെ മകനുമായി ഒരു പണക്കാരനായ സുഹൃത്തിൻ്റെ വീട്ടിലും പാവപ്പെട്ട ഒരു സുഹൃത്തിന്റെ വീട്ടിലും സന്ദർശിക്കുവാനായി പോയി. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ പരസ്പരം സംസാരിക്കാനും സ്നേഹിക്കാനും ബഹുമാനിക്കാനും സമയമില്ലാത്ത ഒരിടമാണ് ആദ്യം കണ്ടത്. എന്നാൽ പണത്തിനു കുറവുണ്ടെങ്കിലും പരസ്പര സ്നേഹവും കരുതലുമായി ജീവിക്കുന്ന ഒരു യഥാർത്ഥ കുടുംബത്തെ പാവപ്പെട്ടവൻ്റെ വീട്ടിലെത്തിയപ്പോൾ കണ്ടു. എല്ലാത്തിനും ശേഷം അച്ഛൻ മകനോട് ചോദ്യം വീണ്ടും ആവർത്തിച്ചു. മരണ ശേഷമുള്ള ജീവിതത്തിൽ നീ വിശ്വസിക്കുന്നുണ്ടോ? മകൻ പറഞ്ഞു മരണശേഷം അല്ല ഈ ഭൂമിയിൽ തന്നെയാണ് സ്വർഗ്ഗവും നരകവും ഉള്ളത്. നമ്മുടെ ജീവിതരീതികൾ ആണ് സ്വർഗ്ഗവും നരകവും തീരുമാനിക്കുന്നത്.

അമൽഡ
9B

# കാർമേഘം

എൻ കാർമേഘമേ...... ഈയുള്ളവൾ
ഒരു കാര്യം ചോദിക്കട്ടെയോ?
ഈയുള്ള കാലമത്രയും മഴയായി ഭൂമിയിൽ
പതിഞ്ഞ് വീണതെല്ലാം
നിൻ കണ്ണുനീർത്തുള്ളികളാണോ
അല്ലയോ കാർമേഘമേ നിൻ മിഴികളിൽ നിന്ന്
ഉതിർന്നു വീണ കണ്ണുനീർത്തുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന
പേർ ചൊല്ലി വിളിക്കുന്നത്?
നിൻ ദുഃഖത്തിൻ  തോണി നീ തുഴയുമ്പോഴാണോ
നിൻ വെളുപ്പാം മേനി കറുപ്പായി
രൂപാന്തരപ്പെടുന്നത്?
ദുഃഖം അണപൊട്ടി
വീഴുന്ന വേളയെയാണോ
ഞങ്ങൾ വർഷകാലമെന്ന് വിശേഷിപ്പിക്കുന്നത്?

സയന കെ എസ്
9C


Nika Yadhavi
Std 9

# യാത്ര

യാത്ര പോകണം മനസ്സിന്റെ
യെല്ലാ വേദനകൾക്കും പരിഹാരമായി..
ഹിമവാന്റെ മഞ്ഞിൽ ഓടിക്കളിക്കണം
കാശ്മീരിൽ സുന്ദര തടാകത്തിൽ
വഞ്ചി യാത്ര നടത്തണം..
ഡൽഹിയിലാഗ്രയിൽ താജ്മഹൽകണ്ടു ഗംഗയിൽ
കാശിയിൽ മുങ്ങി നിവർന്ന്
പണ്ടു തൊട്ടേയുള്ളൊരാഗ്രഹം പോലെ
ചെങ്കോട്ട കണ്ട്
നളന്ദയിൽ അല്പനേരമിരുന്ന്
തെക്കോട്ട് തെക്കോട്ട് പോരണം..
കൃഷ്ണ ഗോദാവരി നദികൾ കണ്ട് സാമൂഹ്യപാഠം
പുസ്തകത്തിലെ കാഴ്ചകൾ കണ്ണാലെ കണ്ട്
ഹരിതചാരുവാം കേരളം കണ്ട്
അമ്മ മലയാള ഭാഷകൾ കേട്ട്
കന്യാകുമാരിയിൽ ത്രിവേണി സംഗമത്തിൽ
സൂര്യോദയങ്ങൾ കാണണം യാത്ര പോവണം
ഭാരതയാത്ര..
എല്ലാ ദുഃഖവും പോകുന്ന യാത്ര...

റിപ്സി അന്ന പീറ്റർ
9B